മൽസ്യബന്ധനക്കാർക്ക് ആനുകൂല്യങ്ങൾ

* 127 [457] ശ്രീ. ജെ. കമാലിയാസ് മൊറായിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യബന്ധനക്കാർക്ക് ഗവൺമെന്റ് ആനുകൂല്യങ്ങൾ നൽകുന്നതു മൽസ്യോൽപ്പാദക സഹകരണസംഘങ്ങൾ മുഖേന ആയിരിക്കുമെന്നുള്ള ഗവൺമെന്റുനയത്തിൽ വ്യതിയാനം വരുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എല്ലാ മൽസ്യബന്ധനക്കാരെയും സഹകരണ മേഖലയിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ള മൽസ്യോൽപ്പാദക സഹകരണസംഘങ്ങൾ വഴി എല്ലാ മൽസ്യ ബന്ധനക്കാരും അംഗങ്ങൾ ആയിട്ടുണ്ടോ;

(ഡി) നാളിതുവരെ ചെയ്തിട്ടുള്ള മൽസ്യോൽപ്പാദക സഹകരണ സംഘങ്ങളിൽ എത്ര മൽസ്യം പിടിത്തക്കാർ അംഗങ്ങൾ ആയിട്ടുണ്ട്?

പഞ്ചായത്തും സാമൂഹ്യവികസനവും മന്ത്രി (ശ്രീ. കെ. അവുക്കാദർ കുട്ടിനഹ ഹാജി):

(എ) ഇല്ല.

(ബി) എല്ലാ മൽസ്യബന്ധനക്കാരെയും സഹകരണ മേഖലയിൽ ഉൾപ്പെടുത്തണമെന്ന ഉദ്ദേശത്തോടെ കൂടുതൽ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തുവരികയാണ്.

(സി) ഇല്ല.

(ഡി) നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ള മൽസ്യോൽപ്പാദക സഹകരണസംഘങ്ങളിൽ മൊത്തം 89212 മൽസ്യത്തൊഴിലാളികൾ അംഗങ്ങളായി ചേർന്നിട്ടുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

ശ്രീ. ജെ. കമാലിയാസ് മൊറായിസ്: ഈ കണക്കനുസരിച്ച് കൂടുതലായി മൽസ്യോൽപ്പാദക സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതാവശ്യമാണെന്നു ഗവൺമെന്റു കരുതുന്നുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ ഹാജി: ഉണ്ട്. അതിനുള്ള നടപടികൾ എടുത്തുവരികയാണ്.

ശ്രീ. ജെ. കമാലിയാസ് മൊറായിസ്: അതനുസരിച്ച് മൽസ്യോൽപ്പാദകസഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് തടസ്സം ഉണ്ടാകുന്നുവെന്നുള്ള പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹഹാജി: പുതിയ കോവാപ്പറേറ്റീവ് ആക്ട് പ്രകാരം ചില തടസ്സങ്ങൾ ഉണ്ടാകുന്നു എന്നുള്ള സംഗതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. ജെ. കമാലിയാസ് മൊറായിസ്: ആ തടസ്സങ്ങൾ നീക്കം ചെയ്യാനായി എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിക്കുന്നുണ്ടോ? അതിനു ഗവൺമെന്റ് സന്നദ്ധമാണോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹഹാജി: ആ തടസ്സങ്ങൾ നീക്കാതെതന്നെ ധാരാളം സൊസൈറ്റികൾ രജിസ്റ്റർ ചെയ്യാനുള്ള സൗകര്യങ്ങൾ ഇപ്പോൾത്തന്നെയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly